പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4349 28.06.2012- ൽ മറുപടിക്ക്

വെള്ളക്കെട്ട് സംബന്ധിച്ച് വെട്ടിയാർ സുരേന്ദ്രദാസിന്റെ പരാതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | വെള്ളക്കെട്ടിനെ തുടർന്ന് വീടും കിണറും ഇടിഞ്ഞുനശിക്കുന്നത് സംബന്ധിച്ച് മാവേലിക്കര, വെട്ടിയാർ ഹരിമന്ദിരത്തിൽ സുരേന്ദ്രദാസ് നൽകിയ പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | മാവേലിക്കര, വെട്ടിയാർ ഹരിമന്ദിരത്തിൽ ശ്രീ. സുരേന്ദ്രദാസ് എന്ന കക്ഷി 10.05.2012 ൽ നൽകിയ പരാതിയിൽ മാവേലിക്കര താലൂക്കിലെ ചെറ്റകുന്നം വെട്ടിയാർ റോഡിൽ നാലുമുക്ക് ജംഗ്ഷന് സമീപം റോഡിനു കുറുകെയുള്ള തോടിന്റെ ഇരു കരകളും കൈയ്യേറിയതുമൂലം വർഷകാലത്ത് ഒഴുകിയെത്തുന്ന ശക്തമായ ജല പ്രവാഹത്തിൽ പരാതിക്കാരന്റെ കൃഷിയിടങ്ങളിൽ വെള്ളം കയറിക്കിടക്കുന്നതുമൂലം കൃഷി നശിക്കുന്നുവെന്നും വീടും കിണറും ഇടിഞ്ഞ് നാശം സംഭവിക്കുന്നു എന്നും യഥാർത്ഥ തോട്ടിലൂടെ വെള്ളം ഒഴുകി പോകുവാനുള്ള സൗകര്യം ഉണ്ടാക്കിത്തരണമെന്നുമാണ് ടിയാൻ അപേക്ഷിച്ചിരുന്നത്.<br>ടി പരാതിയിൽ ജില്ലാ കളക്ടർ മാവേലിക്കര തഹസിൽദാർ മുഖാന്തിരം അന്വേഷണം നടത്തി, തഴക്കര പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ താലൂക്ക് സർവേയർ സ്ഥലം അളന്ന് പരിശോധിച്ചതിൽ നിന്നും പുറമ്പോക്ക് ഭൂമി കയ്യേറ്റങ്ങൾ ഒന്നുമുണ്ടായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. തോടിന്റെ ഇരുകരകളും പിച്ചിംഗ് കെട്ടി സംരക്ഷിച്ചാൽ മാത്രമേ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ